**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2454** **02-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനവും തൊഴിലും ഉറപ്പാക്കുന്നതിന് ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ ചെയ്തു വരുന്ന വിവിധ പദ്ധതികൾ ടൂറിസത്തിലൂടെ പ്രാദേശിക ജനസമൂഹത്തിന് അധിക വരുമാനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ്. കോവിഡാനന്തര വിനോദസഞ്ചാരം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ടുള്ളതായിരിക്കും എന്നാണ് അന്താരാഷ്ട്ര വിനോദസഞ്ചാര രംഗത്തെ വിലയിരുത്തൽ. ഇനി ആളുകൾ തിരക്കുള്ള ടൂറിസം കേന്ദ്രങ്ങളെ അപേക്ഷിച്ച് തിരക്ക് കുറഞ്ഞതും എന്നാൽ വൃത്തിയും വെടിപ്പും ഉള്ളതുമായ ഗ്രാമീണ / റൂറൽ ടൂറിസം കേന്ദ്രങ്ങൾക്കായിരിക്കും പ്രാധാന്യം നൽകുക. വെറുതെ കാഴ്ചകൾ കണ്ടു പോകുന്നതിനെക്കാൾ അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾക്കായിരിക്കും കൂടുതൽ പ്രാധാന്യം. പ്രകൃതിക്ക് ദോഷമില്ലാത്ത വിധത്തിൽ, നിലവിലുള്ള ടൂറിസം സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും, ടൂറിസത്തിലൂടെ പരിസ്ഥിതി സംരക്ഷണവും, പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തിക്കൊണ്ടുള്ളതും, നമ്മുടെ കല, സംസ്കാരം, ഉപജീവന മാർഗങ്ങൾ പാരമ്പര്യ തൊഴിലുകൾ, കേരളത്തിന്റെ പ്രാദേശിക ഭക്ഷണം എന്നിങ്ങനെ ടൂറിസ്റ്റുകൾക്ക് വ്യത്യസ്ത അനുഭവം പകർന്നു നൽകുന്ന വിവിധ തലത്തിലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുവാനും അത് വഴി പ്രാദേശിക തൊഴിലും വരുമാനവും ഉറപ്പു വരുത്തുവാനുമുള്ള വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നത്. ഘട്ടം ഘട്ടമായി കേരളത്തെ, പൂർണ്ണമായും പ്രാദേശിക |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടെയുള്ള ഒരു സമ്പൂർണ്ണ ഉത്തരവാദിത്ത ടൂറിസം സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആയിരിക്കും നടപ്പിലാക്കുക. |
| (ബി) | പഞ്ചായത്തുകൾ തോറും ഡസ്റ്റിനേഷൻ എന്നതിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ ടൂറിസം കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി പ്രാദേശിക ടൂറിസം വികസിപ്പിക്കുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളും ടൂറിസം വകുപ്പും സംയുക്തമായാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ പുതുതായി കണ്ടെത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പ് പ്രസ്തുത മേഖലയിൽ പരിചയമുള്ള സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയായിരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ടൂറിസം സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ